**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3844 — 11.11.2019 ൽ മറുപടിക്ക്

## ഹീമോഫീലിയ രോഗികൾക്ക് നൽകുന്ന മരുന്ന്

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഹീമോഫീലിയ രോഗികൾക്ക് നൽകുന്ന മരുന്നിന് 2019 സെപ്റ്റംബറിൽ ക്ഷാമം ഉണ്ടായത് മൂലം പ്രസ്തുത രോഗികൾ ബുദ്ധിമുട്ടിലായിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസി വഴി ലഭിച്ചുകൊണ്ടിരുന്ന മരുന്ന് വിതരണം ഭാഗികമായി തടസ്സപ്പെട്ടത് മൂലം രോഗികൾ അഭിമുഖീകരിക്കേണ്ടി വന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം മരുന്നുകൾ ആജീവനാന്തം സൗജന്യമായി ലഭിക്കുന്നതിന് സംവിധാനം ഒരുക്കിയിരുന്നോ; | (ബി) | ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം മരുന്നുകൾ ആജീവനാന്തം സൗജന്യമായി ലഭിക്കുന്നതിന് സംവിധാനം ഒരുക്കിയിരുന്നു. |
| (സി) | കാരുണ്യ ബെനവലന്റ് ഫണ്ട് നിർത്തലാക്കി സർക്കാർ ആരംഭിച്ച കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ ഹീമോഫീലിയ രോഗികൾക്ക് ചികിത്സക്കുള്ള തുക ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ഇവർക്ക് ആജീവനാന്ത ചികിത്സ ഉറപ്പാക്കുമോ എന്നറിയിക്കാമോ? | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയപ്പോൾ ഹീമോഫീലിയ രോഗചികിത്സ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും 06.08.2019 തീയതിയിലെ സ.ഉ. (എം.എസ്സ്) 122/2019/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹീമോഫീലിയ രോഗികൾക്ക് മാർച്ച് 2020 വരെ കാരുണ്യ ബെനവലന്റ് പദ്ധതിപ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ